# 19th Summit of SCO Council of Heads of Government to be held on 30 November 2020 in video-conference format

November 28, 2020

---

## സർക്കാർതലവന്മാരുടെ എസ് സി ഓ കൗൺസിൽ 9 മത് ഉച്ചകോടി 2020 നവംബര് 30 ന് വിഡീയോ കോണ്ഫറന്സ് ഫോർമാറ്റിൽ നടത്തുന്നു.

നവംബർ 28, 2020

1. ഇന്ത്യയുടെ ആതിഥേയത്വത്തിൽ 2020 നവംബർ 30 ന് നടത്താനിരിക്കുന്ന സർക്കാർ തലവന്മാരുടെ എസ് സി ഓ കൗൺസിൽ 19 മത് സമ്മേളനത്തിന് ബഹുമാനപ്പെട്ട ഉപരാഷ്ട്രപതി ശ്രീ.വെങ്കയ്യനായിഡു അധ്യക്ഷത വഹിക്കുന്നതായിരിക്കും. 2017 ൽ ഈ പ്രസ്ഥാനത്തിൽ പൂർണ അംഗത്വം നേടിയതിനു ശേഷം ആദ്യമായാണ് ഉച്ചകോടി തലത്തിലുള്ള സമ്മേളനം ഇന്ത്യയുടെ അധ്യക്ഷതയിൽ നടക്കുന്നത്. ഈ ഉച്ചകോടി വാർഷികമായി പ്രധാനമന്ത്രി തലത്തിലുള്ള എസ് സി ഓ ആയാണ് നടത്തപ്പെടുന്നത് കൂടാതെ സ്ഥാപനത്തിന്റെ വ്യാവസായിക സാമ്പത്തിക അജണ്ട പ്രാഥമികമായി ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നു.

2.സമാധാനം , സുരക്ഷാ , വ്യവസായം , സാമ്പത്തികം കൂടാതെ സാംസ്കാരിക മേഖലകളിലെ സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള പ്രധാന പ്രാദേശിക പ്രസ്ഥാനമായാണ് ഇന്ത്യ ഷാംഗ്ഹായ് കോപ്പറേഷൻ ഓർഗനൈസേഷനെ (SCO) ഇന്ത്യ പരിഗണിക്കുന്നത്. പ്രസ്ഥാനത്തിൽ ക്രിയാത്മകവും, അനുകൂലവും , വികസനപരവുമായ ചുമതലകൾ ഏറ്റെടുത്തുകൊണ്ട് എസ് സി ഓ യുമായുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിന് ഇന്ത്യ പ്രതിബദ്ധമായിരിക്കും.

3.2020 നവംബർ 30 ന് സർക്കാർ തലവന്മാരുടെ എസ് സി ഓ കൗൺസിൽ (CHG) 19 മത് സെഷന് ആതിഥേയത്വം വഹിച്ചു കൊണ്ട്, 2019 നവംബർ 2 മുതൽ ഒരു വർഷത്തെ കാലാവധി പൂർത്തിയാക്കുന്ന ഉസ്ബെക്കിസ്ഥാനിൽ നിന്നും ഇന്ത്യ സർക്കാർ തലവന്മാരുടെ എസ് സി ഓ കൗൺസിലിന്റെ അധ്യക്ഷത ഏറ്റെടുക്കുന്നതാണ്.

4.എസ് സി ഓ അംഗത്വ രാജ്യങ്ങളായ റഷ്യ, ചൈന, കസാഖ്സ്താൻ, കൈറാഗിസ്താൻ, തജാകിസ്താൻ കൂടാതെ ഉസ്ബെക്കിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നുള്ള പ്രധാനമന്ത്രിമാര് നവംബർ 30 ന് നടക്കുന്ന എസ് സി ഓ സമ്മേളനത്തിൽ പങ്കെടുക്കുന്നതാണ്. വിദേശകാര്യ പാർലിമെന്ററി സെക്രട്ടറിയായിരിക്കും പാകിസ്താനെ പ്രതിനിധീകരിക്കുന്നത്. എസ് സി ഓ അംഗത്വ രാജ്യങ്ങളെക്കൂടാതെ, അഫ്ഗാനിസ്ഥാൻ പ്രസിഡണ്ട്, ഇറാന്റെ പ്രഥമ വൈസ് പ്രസിഡണ്ട്, ബലാറസ് പ്രസിഡണ്ട് കൂടാതെ മംഗോളിയയിലെ ഡെപ്യൂട്ടി പ്രൈം മിനിസ്റ്റർ എന്നിവരടങ്ങുന്ന നാല് നിരീക്ഷക രാജ്യങ്ങളിൽ നിന്നുള്ള

പ്രതിനിധികളും പങ്കെടുത്തു. ആതിഥേയ രാജ്യത്തിന്റെ പ്രത്യേക അതിഥിയായി തുർക്ക്മെനിസ്താനെ ക്ഷണിക്കുകയും മന്ത്രാലയത്തിലെ ഡെപ്യൂട്ടി ചെയർമാൻ പ്രതിനിധി എന്ന നിലയിൽ പങ്കെടുക്കുകയും ചെയ്യുന്നതാണ്. എസ് സി ഓ യുടെ രണ്ടു വിഭാഗങ്ങളിൽ നിന്നും എസ് സി ഓ ജനറൽ സെക്രട്ടറിയും എസ് സി ഓ റീജിയണൽ ആന്റി ടെററിസ്റ്റ് സ്ട്രക്ച്ചർ (RATS) എക്സിക്യൂട്ടീവ് ഡയറക്ടറും പ്രതിനിധികരിക്കുന്നതായിരിക്കും. എസ് സി ഓ ബിസിനെസ്സ് കൗൺസിൽ, എസ് സി ഓ ഇന്റർബാങ്ക് അസോസിയേഷൻ ചെയർമാൻ എന്നിവരും പങ്കെടുക്കുന്നതായിരിക്കും

5. 2020 ലെ സർക്കാർ തലവന്മാരുടെ എസ് സി ഓ കൗൺസിൽ അധ്യക്ഷത കാലയളവിൽ, ഇന്ത്യ പ്രധാനമായതും സഹകരണത്തിന്റെ മൂന്നു നേടും തൂണുകൾ സൃഷ്ടിക്കുന്നതിനാണ് പ്രാധാന്യം നൽകിയിരുന്നത്: നൂതന സംരംഭങ്ങളും കണ്ടുപിടുത്തങ്ങളും, ശാസ്ത്രവും സാങ്കേതികതയും, പരമ്പരാഗത ചികിത്സ രീതികൾ എന്നിവയായിരുന്നു അത്, കൂടാതെ അനവധി സ്യദമായ സംരംഭങ്ങൾ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. നൂതനമായ സംരംഭങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കുമായി ഒരു പ്രത്യേക പ്രവർത്തന സംഘം തയാറാക്കി സത്തിനു അധ്യക്ഷ വഹിക്കുന്നതിനും പരമ്പരാഗത ചകിത്സ രീതികളിൽ പുതിയതായി ഒരു വിദഗ്ധ പ്രവർത്തന സംഘം രൂപീകരിക്കുന്നതും സംബന്ധിച്ചുള്ള നിർദേശങ്ങൾ ഇന്ത്യ മുന്നോട്ടുവച്ചിരുന്നു. 200 യുവ ശാസ്ത്രജ്ഞർ പങ്കെടുത്ത ആദ്യത്തെ എസ് സി ഓ സയന്റിസ്റ്റ് കോൺക്ലേവ് (24 -28 നവംബർ), എസ് സി ഓ സാമ്പത്തിക ചിന്തകരുടെ ആദ്യ കൺസോർട്ടിയം (20 -21 ഓഗസ്റ്റ്) കൂടാതെ ആദ്യത്തെ എസ് സി ഓ സ്റ്റാർട്ട് അപ് ഫോം (ഒക്ടോബർ 27) എന്നിവയും ഇന്ത്യ വിർചൽ രീതിയിൽ സംഘടിപ്പിക്കുകയുണ്ടായി.എസ് സി ഓ ബിസിനെസ്സ് കൗൺസിലിന്റെ ദേശീയ അധ്യായങ്ങളിലൂടെ, ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ (MSME) സഹകരണത്തിന് പ്രത്യേകമായ ഊന്നൽ നൽകിക്കൊണ്ട് B2B രീതിയിൽ, FICCI ആദ്യത്തെ എസ് സി ഓ ബിസിസ്നെസ്സ് കോൺക്ലെവും (23 നവംബർ) സംഘടിപ്പിച്ചിരുന്നു.

6.ഈ വർഷം ഒക്ടോബർ 28 ന് ബാഹ്യസമ്പദ്ഘടനയും രാജ്യാന്തര വ്യവസായവും സംബന്ധിച്ചുള്ള എസ് സി ഓ മന്തിമാരുടെ സമ്മേളനവും ഒക്ടോബർ 16 ന് എസ് സി ഓ നിയമമന്ത്രിമാരുടെ സമ്മേളനവും ഇന്ത്യയുടെ ആതിഥേയത്വത്തിൽ വീഡിയോ കോൺഫറൻസ് രീതിയിൽ നടത്തുകയുണ്ടായി.

7.സാംസ്കാരിക -മാനുഷിക വിഭാഗത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി 2019 ലെ എസ് സി ഓ രാഷ്ട്ര തലവന്മാരുടെ ബിഷ്കെക്ക് ഉച്ചകോടിയിൽ നടത്തിയ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുകയുണ്ടായി. ഇതിൽ നവംബര് 30 ന് ഉദ്ഘാടനം ചെയ്യുന്ന ദേശീയ മ്യൂസിയം വഴി ബുദ്ധ സ്മാരകത്തിൽ നടത്തപ്പെടുന്ന ആദ്യ എസ് സി ഓ ഡിജിറ്റൽ പ്രദർശനത്തിന്റെ ആതിഥേയത്വവും ഇന്ത്യൻ പ്രാദേശിക

ഭാഷകളിലെ 10 പ്രധാന കൃതികൾ റഷ്യൻ ചൈനീസ് ഭാഷകളിലേക്കും മൊഴിമാറ്റുന്നതും ഉൾപ്പെടുന്നു. ഇത് കൂടാതെ 2021 ലെ ഫുഡ് ഫെസ്റ്റിവൽ ആതിഥേയത്വം വഹിക്കുന്നതിനും ഇന്ത്യ നിർദേശം വച്ചിട്ടുണ്ട്.

8. നവംബർ 30 ന് നടക്കുന്ന സർക്കാർ തലവന്മാരുടെ എസ് സി ഓ കൗൺസിലിന്റെ 19 മത് സമ്മേളനത്തിന് അധ്യക്ഷ വഹിക്കുന്നത് വഴി, മാനുഷികത കേന്ദ്രീകൃതമാക്കിയുള്ള എസ് സി ഓ പ്രവർത്തനങ്ങളിലൂടെ എസ് സി ഓ യുമായുള്ള വ്യാവസായിക സാമ്പത്തിക സാംസ്കാരിക സഹകരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പ്രാദേശികമായുള്ള സമാധാനവും സമൃദ്ധിയും വർധിപ്പിക്കുന്നതിനും സാധിക്കുമെന്ന് ഇന്ത്യ പ്രത്യാശിക്കുന്നു.ഇന്ത്യയുടെ പ്രവർത്തനങ്ങൾ എസ് സി അംഗത്വ രാജ്യങ്ങളെ കോവിഡ് പകർച്ചവ്യധിമൂലമുള്ള സാമ്പത്തിക പ്രതിസന്ധികൾ തരണം ചെയ്യുന്നതിനു സഹായിക്കുക മാത്രമല്ല, മറിച് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള തുടർച്ചയായ പ്രതിബദ്ധതയ്ക്ക് വഴി കാണിക്കുകയും ചെയ്യുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

9. ബഹുമാനപ്പെട്ട ഇന്ത്യൻ ഉപരാഷ്ട്രപതിയുടെ അധ്യക്ഷതയിൽ സംയുക്ത വിജ്ഞാപനം ഏറ്റെടുക്കുന്നതോടെ നവംബർ 30 ലെ ഉച്ചകോടി സമാപിക്കുകയും ചെയ്യുന്നതായിരിക്കും.

**ന്യൂ ഡൽഹി**
**28 നവംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.